# ലോഗോസ് ബൈബിൾ ക്വിസ്സിൽ സമർപ്പിത പ്രതിഭാപുരസ്കാരവും

കൊച്ചി: കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ ലോഗോസ് ബൈബിൾ ക്വിസ്സിൽ സമർപ്പിത പ്രതിഭയ്ക്ക് ഇക്കുറി പ്രത്യേക പുരസ്കാരം. ഏപ്രിൽ 11നു ചേർന്ന ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗത്തിലാണ് തീരുമാനം.

ആഗോളസഭയിലെ സമർപ്പിതവർഷാചരണത്തോടനുബന്ധിച്ചാണു ലോഗോസ് സമർപ്പിത പ്രതിഭയെ തിരഞ്ഞെടുക്കുന്നത്. രൂപതാതലത്തിലെ രജിസ്ട്രേഷനോ പരീക്ഷാനടത്തിപ്പിനോ മൂല്യനിർണയത്തിനോ യാതൊരു മാറ്റവും ഉണ്ടായിരിക്കുകയില്ല. സംസ്ഥാന മത്സരത്തിനായി അല്മായരെന്നോ സന്ന്യസ്തരെന്നോ വ്യത്യാസം കൂടാതെ 6 പ്രായവിഭാഗങ്ങളിൽനിന്ന് 3 പേർ വീതമുള്ള 18 പേരുടെ ലിസ്റ്റിനു പുറമേ, പ്രായപരിഗണനയില്ലാതെ, സമർപ്പിതർക്കിടയിൽ നിന്ന് കൂടുതൽ മാർക്കു നേടിയിട്ടുള്ള 5 പേരുടെ പേരുകൾ കൂടി രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ പി.ഒ.സിയിൽ നല്കുന്നതാണ്. ഇവർക്കുവേണ്ടി നവംബർ 27-ാം തീയതി രാവിലെ 10 മുതൽ 11.30 വരെ സമർപ്പിത ലോഗോസ് ക്വിസ് എഴുത്തുപരീക്ഷ നടത്തുന്നതാണ്. അതിൽ ഉയർന്ന മാർക്കു വാങ്ങുന്ന 6 പേർക്കായി സമർപ്പിത ലോഗോസ് ടെലിക്വിസ് ഉച്ചയ്ക്കുശേഷം നടക്കും. ഇതിലെ വിജയിയായിരിക്കും ലോഗോസ് സമർപ്പിത പ്രതിഭ. ലോഗോസ് പ്രതിഭയ്ക്കായി നവംബർ 28, 29 തീയതികളിൽ നടക്കുന്ന മറ്റു ക്വിസ്സുകളിൽ ലോഗോസ് സമർപ്പിത പ്രതിഭ പങ്കെടുക്കുന്നതല്ല. ലോഗോസ് പ്രതിഭയ്ക്കും ലോഗോസ് സമർപ്പിത പ്രതിഭയ്ക്കും വിശുദ്ധനാടു സന്ദർശനം ഉണ്ടായിരിക്കുന്നതാണ്.

അത്യാവേശത്തോടുകൂടിയാണ് സന്ന്യസ്തസഭകളുടെ മേജർ സുപ്പീരിയർമാരുടെ സംഘടനയായ KCMS ഈ തീരുമാനത്തെ വരവേല്ക്കുന്നത്. എല്ലാ സമർപ്പിതരും ഈ വർഷത്തെ ലോഗോസ് ക്വിസ്സിൽ പങ്കെടുക്കും എന്നാണ് ലഭിക്കുന്ന സൂചനകൾ. ലോകത്തിലെ ഏറ്റവും വലിയ ക്വിസ് മൽസരമെന്നറിയപ്പെടുന്ന ലോഗോസ് ക്വിസ്സിൽ ആറു ലക്ഷത്തോളം പേരാണ് മത്സരിക്കുന്നത്.